## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4209

13.12.2018 ൽ മറുപടിക്ക്

### നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.സി. മമ്മത് കോയ:** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | 2018 -ലെ നിക്ഷേപം പോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ നിയമമായിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്.<br>വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും, അനുമതികൾ സുഗമമായി ലഭ്യമാക്കുന്നതിന്റെയും ഭാഗമായി വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോമുകൾ ഏകീകരിച്ചുകൊണ്ട് ഒരു പൊതു അപേക്ഷാ ഫോംന് (CAF) രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാൻ Investment Promotion and Facilitation Cell (IPFC) ജില്ലാ തലങ്ങളിലും, സംസ്ഥാന തലത്തിലും നിലവിൽ വന്നു. ഇതിനായുള്ള ഓൺലൈൻ സംവിധാനമായ 'K-Swift' ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8.01.2019 ന് തീരുമാനിച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സത്വരം കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി നൽകുന്നതിന് ഒരു ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (IBPMS) സ്ഥാപിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിയമത്തിൽ പറഞ്ഞ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താമസം വരുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) | കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താമസം വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**